# നോമ്പും ദുആയും

لَيْسَ شَيْءٌ
أَكْرَمَ عَلَى اللَّهِ تَعَالَى
مِنَ الدُّعَاءِ

അബൂ തൈമിയ്യ ഹനീഫ് ബാവ
حفظه الله

ISLAMBOOKS.IN

# നോമ്പും ദുആയും

لَيْسَ شَيْءٌ
أَكْرَمَ عَلَى اللَّهِ تَعَالَى
مِنَ الدُّعَاءِ

**അബൂ തൈമിയ്യ ഹനീഫ് ബാവ** حفظه الله

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

## നോമ്പ്: പകരം വെക്കാനില്ലാത്ത മഹത്തായ പുണ്യകർമ്മം

عَنْ أَبِي أُمَامَةَ، قَالَ: أَتَيْتُ رَسُولَ اللَّهِ ﷺ، فَقُلْتُ: مُرْنِي بِعَمَلٍ يُدْخِلُنِي الْجَنَّةَ. قَالَ: " عَلَيْكَ بِالصَّوْمِ، فَإِنَّهُ لَا عِدْلَ لَهُ ". ثُمَّ أَتَيْتُهُ الثَّانِيَةَ، فَقَالَ لِي: " عَلَيْكَ بِالصِّيَامِ " .

[رواه أحمد وصححه الألباني]

അബൂ ഉമാമഃ رَضِيَ اللَّهُ عَنْهُ പറയുന്നു: ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ യടുക്കൽ ചെന്ന് പറഞ്ഞു: എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന ഒരു കർമ്മം കൊണ്ട് താങ്കൾ എന്നോട് കൽപ്പിച്ചാലും. അവിടുന്ന് പ്രതിവചിച്ചു: "നീ നോമ്പ് മുറുകെ പിടിക്കുക, അതിനു പകരംവെക്കാൻ മറ്റൊന്നില്ല എന്നതാണ് കാര്യം." പിന്നീട് രണ്ടാമതൊരിക്കൽ ഞാൻ അദ്ദേഹത്തിന്റെ യടുക്കൽ ചെന്നു. അപ്പോൾ അവിടുന്ന് എന്നോട് പറഞ്ഞു: "നീ നോമ്പ് മുറുകെ പിടിക്കുക". [അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്]

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ رَسُولُ اللَّهِ ﷺ: "كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِمِائَةِ ضِعْفٍ، قَالَ اللَّهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي، وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ، وَطَعَامَهُ مِنْ أَجْلِي." [رواه مسلم]

അബൂ ഹുറൈയ്റഃ رَضِيَ ٱللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "ആദം സന്തതിയുടെ എല്ലാ കർമ്മങ്ങളും ഇരട്ടിക്കും, ഒരു നന്മയുടെ പ്രതിഫലം തത്തുല്യമായ പത്തു മുതൽ എഴുനൂറ് ഇരട്ടിവരെ. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ് എന്നതത്രെ കാര്യം. ഞാനാണ് അതിന് പ്രതിഫലം നിശ്ചയിക്കുന്നത്. അവൻ തന്റെ ഇഛയും ഭക്ഷണവും വെടിഞ്ഞത് എനിക്കുവേണ്ടി മാത്രമാണ്." [മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

## ദുആ: റബ്ബിന്റെയടുക്കൽ ആദരണീയമായ ആരാധന

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ:
"لَيْسَ شَيْءٌ أَكْرَمَ عَلَى اللَّهِ تَعَالَى مِنَ الدُّعَاءِ." [رواه الترمذي وحسنه الألباني]

അബൂ ഹുറൈയ്റഃ رَضِيَ ٱللَّهُ عَنْهُ നിവേദനം. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "പ്രാർത്ഥ നയെക്കാൾ അല്ലാഹുവിങ്കൽ ആദരണീയമായ മറ്റൊന്നില്ല." [തിർമുദി സുനനിൽ ഉദ്ധരിച്ചത്]

അടിയന് മറ്റാരുണ്ട്! അവന്റെ ആവശ്യങ്ങൾ അറിയിക്കാൻ, പ്രതീക്ഷകൾ സമർപ്പിക്കാൻ, ഭീതികളിൽ അഭയം തേടാൻ, അഖിലാണ്ഡങ്ങളെ സൃഷ്ടിക്കുകയും ഉടമപ്പെടുത്തുകയും നിയന്ത്രിച്ച് പരിപാലിക്കുകയും ചെയ്യുന്ന ഏകനായ റബ്ബല്ലാതെ. അവൻ റഹ്മാനും റഹീമുമാണ്. അടിയാറുകൾക്ക് അളവറ്റ കാരുണ്യം അനുസ്യൂതം

സമൃദ്ധമായി നൽകിക്കൊണ്ടിരിക്കുന്നവൻ. അടിയനുമായി അവന്റെ കണ്ഠനാഡിയെക്കാൾ അടുത്തുള്ളവൻ. അവന്റെ മനസ്സിന്റെ അനക്കവും അടക്കവും അവനെക്കാൾ നന്നായി അറിയുന്നവൻ. തന്റെ അടിയൻ അലട്ടിയലട്ടി ചോദിക്കുന്നതിൽ അങ്ങേയറ്റം സന്തോഷിക്കുന്നവൻ. അവനോട് പ്രാർത്ഥിച്ചാൽ വൃഥാവിലാകില്ലൊരിക്കലും. അടിയന്റെ പ്രാർത്ഥന റബ്ബിന്റെയടുക്കൽ ആദരണീയമാണ്.

## നോമ്പുകാരന്റെ ദുആ

പകരം വെക്കാൻ മറ്റൊന്നില്ലാത്ത അതുല്യമായ ആരാധനയുമായി അല്ലാഹുവിന്റെ സാമീപ്യം നേടാൻ അവസരം ലഭിച്ചവനാണ് നോമ്പുകാരൻ. അതിനാൽ അവന്റെ പ്രാർത്ഥന റബ്ബിന്റെയടുക്കൽ ഏറെ ആദരണീയ മാണ്. അല്ലാഹു അവന്റെ കിതാബിൽ നോമ്പിന്റെ വിധിവിലക്കുകളെ സംബന്ധിച്ച് വിവരിക്കുന്നതിനിടയിൽ പറയുന്നു:

﴿وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ﴾ [البقرة ١٨٦]

"എന്റെ അടിയന്മാർ എന്നെക്കുറിച്ച് താങ്കളോട് ചോദിച്ചാൽ, നിശ്ചയമായും ഞാൻ അടുത്തവനാണ്. എന്നോട് ദുആ ചെയ്താൽ, ആ പ്രാർത്ഥകന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അതിനാൽ അവർ എനിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ നേർ വഴി പ്രാപിച്ചേക്കാം." [ബഖറ: 186]

ആയത്തിന് മുൻഗാമികളായ മുഫസ്സിറുകൾ നൽകിയ വിശദീകരണ-ത്തിന്റെ രത്നച്ചുരുക്കം അല്ലാമാ സഅ്ദി رَحِمَهُ ٱللَّهُ യുടെ തഫ്സീറിൽ നിന്ന് നമുക്ക് വായിക്കാം:

هذا جواب سؤال، سأل النبي ﷺ بعض أصحابه فقالوا: يا رسول الله، أقريب ربنا فنناجيه، أم بعيد فنناديه؟ فنزل: ﴿وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ﴾ لأنه تعالى، الرقيب الشهيد، المطلع على السر وأخفى، يعلم خائنة الأعين وما تخفي الصدور، فهو قريب أيضا من داعيه، بالإجابة، ولهذا قال: ﴿أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ﴾ والدعاء نوعان: دعاء عبادة، ودعاء مسألة. والقرب نوعان: قرب بعلمه من كل خلقه، وقرب من عابديه وداعيه بالإجابة والمعونة والتوفيق. فمن دعا ربه بقلب حاضر، ودعاء مشروع، ولم يمنع مانع من إجابة الدعاء، كأكل الحرام ونحوه، فإن الله قد وعده بالإجابة، وخصوصا إذا أتى بأسباب إجابة الدعاء، وهي الاستجابة لله تعالى بالانقياد لأوامره ونواهيه القولية والفعلية، والإيمان به، الموجب للاستجابة، فلهذا قال: ﴿فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ﴾ أي: يحصل لهم الرشد الذي هو الهداية للإيمان والأعمال الصالحة، ويزول عنهم الغي المنافي للإيمان والأعمال الصالحة. ولأن الإيمان بالله والاستجابة لأمره، سبب لحصول العلم كما قال تعالى: ﴿يَا أَيُّهَا الَّذِينَ آمَنُوا إِنْ تَتَّقُوا اللَّهَ يَجْعَلْ لَكُمْ فُرْقَانًا﴾.

[تيسير الكريم الرحمن]

“നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ യോട് അവിടുത്തെ അനുചരന്മാരിൽ ചിലർ ചോദിച്ച ഒരു ചോദ്യത്തിന് മറുപടിയാണിത്. അവർ ചോദിച്ചു: നമ്മുടെ റബ്ബ് അടു-ത്താണോ എങ്കിൽ നമുക്ക് രഹസ്യഭാഷണം നടത്തിയാൽ മതിയാവില്ലേ, അല്ല വിദൂരയാണോ എങ്കിൽ അവനെ നമുക്ക് ഉറക്കെ വിളിക്കേണ്ടതില്ലേ? അപ്പോൾ അവതരിച്ചു: “എന്റെ അടിയന്മാർ എന്നെക്കുറിച്ച് താങ്കളോട്

ചോദിച്ചാൽ, നിശ്ചയമായും ഞാൻ അടുത്തവനാണ്". കാരണം, നിശ്ചയമായും അത്യുന്നതനായ അല്ലാഹു സസൂക്ഷ്മം നിരീക്ഷിക്കുന്നവനും എല്ലാത്തിനും സാക്ഷിയുമാണ്. എല്ലാ രഹസ്യവും അതിലും ഗോപ്യമായതും അവൻ അറിയുന്നു. കണ്ണുകളുടെ കള്ളത്തരവും ഹൃദയങ്ങൾ ഒളിപ്പിച്ചു വെക്കുന്നതും അവൻ അറിയുന്നു. അതുപോലെ അവനെ വിളിച്ച് പ്രാർത്ഥിക്കുന്നവനോട് ഉത്തരവും കൊണ്ട് വളരെ അടുത്താണവൻ. അതുകൊണ്ടാണ് അവൻ പറയുന്നത്: "എന്നോട് ദുആ ചെയ്താൽ, ആ പ്രാർത്ഥകന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും." ദുആ രണ്ട് ഇനമുണ്ട്: ആരാധനയാകുന്ന ദുആയും, അർത്ഥനയാകുന്ന ദുആയും.

സാമീപ്യവും രണ്ട് ഇനമുണ്ട്: അവന്റെ അറിവിനാൽ എല്ലാ സൃഷ്ടികളോടുമുള്ള സാമീപ്യവും, ഉത്തരവും സഹായവും ഉതവിയും നൽകിക്കൊണ്ട് അവനോട് പ്രാർത്ഥിക്കുന്നവരും അവനെ മാത്രം ആരാധിക്കുന്നവരുമായ ഇഷ്ടദാസന്മാരോടുള്ള സാമീപ്യവും. അതിനാൽ ആര് ഹൃദയസാന്നിദ്ധ്യത്തോടെ, നിയമാനുസാരമായ പ്രാർത്ഥനയുമായി തന്റെ റബ്ബിനോട് ദുആ ചെയ്യുന്നുവോ, ഹറാമായത് ഭക്ഷിക്കുക പോലുള്ള ദുആക്ക് ഉത്തരം ലഭിക്കുന്നതിന് തടസ്സമാ കുന്ന ഒന്നും അവനിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നുവോ, എങ്കിൽ തീർച്ച യായും അല്ലാഹു അവന് ഉത്തരം നൽകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു.

ഉത്തരം ലഭിക്കാൻ കാരണമാകുന്ന കാര്യങ്ങൾ കൂടി അവൻ കൊണ്ടു വരുന്നുവെങ്കിൽ പ്രത്യേകിച്ചും. വാക്കിലും പ്രവർത്തിയിലും അവന്റെ കൽപ്പനാവിലക്കുകൾക്ക് കീഴ്വഴങ്ങുകയും, അവനിൽ വിശ്വസിക്കുകയും ചെയ്യലാണത്. അത് ഉത്തരം ഉറപ്പാക്കുന്നു. അതുകൊണ്ടാണ് അല്ലാഹു

പറയുന്നത്: “അതിനാൽ അവർ എനിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ നേർവഴി പ്രാപിച്ചേക്കും.“ അതായത്: അവർക്ക് നേർമാർഗ്ഗം സിദ്ധിക്കും. സത്യവിശ്വാസത്തിലേക്കും സൽക–ർമ്മങ്ങളിലേക്കുമുള്ള വഴിയിൽ ഉതവി ലഭിക്കലാണത്. സത്യവിശ്വാസ–ത്തിനും സൽകർമ്മങ്ങൾക്കും എതിരായ ദുർമാർഗ്ഗം അവരിൽ നിന്ന് നീങ്ങിപ്പോവുകയും ചെയ്യും. കാരണം, നിശ്ചയമായും അല്ലാഹുവിലുള്ള ഈമാനും അവന്റെ കൽപ്പനാവിലക്കുകൾ മാനിക്കലും അറിവ് ലഭിക്കാനുള്ള കാരണമാണ്. അല്ലാഹു പറഞ്ഞതു പോലെ: “അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൽ തഖ്‌വ പുലർത്തിയാൽ അവൻ നിങ്ങൾക്ക് സത്യാസത്യ വിവേചനം നിശ്ചയിച്ചുതരും.“

[തയ്സീറുൽ കരീമിർറഹ്മാൻ]

ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നു കഥീർ رَحِمَهُ ٱللَّهُ പറയുന്നു:

وَفِي ذِكْرِهِ تَعَالَى هَذِهِ الْآيَةَ الْبَاعِثَةَ عَلَى الدُّعَاءِ، مُتَخَلِّلَةً بَيْنَ أَحْكَامِ الصِّيَامِ، إِرْشَادٌ إِلَى الِاجْتِهَادِ فِي الدُّعَاءِ... [تفسير ابن كثير]

“ദുആ ചെയ്യാൻ പ്രേരണ നൽകുന്ന ഈ ആയത്ത് അല്ലാഹു تَعَالَى നോമ്പിന്റെ വിധിവിലക്കുകൾക്കിടയിലായി എടുത്തു പറഞ്ഞതിൽ ദുആയുടെ കാര്യത്തിൽ സ്ഥിരോത്സാഹം കാണിക്കണമെന്ന മാർഗ്ഗനിർദ്ദേശമുണ്ട്...“ [തഫ്സീർ ഇബ്നു കഥീർ]

നോമ്പുകാരന്റെ ദുആ അല്ലാഹുവിന്റെയടുക്കൽ പ്രത്യേകം ഉത്തരം നൽക പ്പെടുന്നവയിൽ പെട്ടതാണ്.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: "ثَلَاثُ دَعَوَاتٍ مُسْتَجَابَاتٌ: دَعْوَةُ الصَّائِمِ، وَدَعْوَةُ الْمُسَافِرِ، وَدَعْوَةُ الْمَظْلُومِ " [رواه البيهقي في الشعب وصححه الألباني]

അബൂ ഹുറൈയ്റഃ رَضِيَ اللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "മൂന്ന് പ്രാർത്ഥനകൾ ഉത്തരം നൽകപ്പെടുന്നവയാണ്: നോമ്പു കാരന്റെ ദുആ, യാത്രക്കാരന്റെ ദുആ, അക്രമിക്കപ്പെട്ടവന്റെ ദുആ."
[ബൈഹഖി ശുഅബിൽ ഉദ്ധരിച്ചത്]

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം മുനാവി رَحِمَهُ اللَّهُ പറയുന്നു:

ومراده كامل الصوم الذي صان جميع جوارحه عن المخالفات فيجاب دعاؤه لطهارة جسده بمخالفة هواه. [فيض القدير]

"അതുകൊണ്ട് ഉദ്ദേശിക്കുന്നത് അവൻ തന്റെ എല്ലാ അവയവങ്ങളെയും നിയമലംഘനങ്ങളിൽ നിന്ന് കാത്തുസൂക്ഷിച്ച നോമ്പിന്റെ മുഴുവൻ സമയ വുമാണ്. അതിനാൽ അവൻ തന്റെ അഭീഷ്ടങ്ങളെ എതിരിട്ട് ശരീരം ശുദ്ധീ കരിച്ചതിനാൽ അവന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും."
[ഫൈളുൽ ഖദീർ]

പ്രത്യേകം ശ്രദ്ധിക്കുക! ഇതാണ് വസ്തുത. സ്വഹീഹായ ഹദീസുകളിൽ നിന്ന് വ്യക്തമാകുന്ന കാര്യം. ഒരു വിശ്വാസി നോമ്പുകാരനായിരിക്കുന്ന

മുഴുവൻ സമയവും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ഏറെ അർഹമായ താണ്. ചിലർ തെറ്റിദ്ധരിച്ചതുപോലെ അത് നോമ്പു തുറക്കുന്ന സമയ ത്തിൽ പരിമിതമല്ല. അപ്രകാരം സൂചിപ്പിക്കുന്ന ഒരു രിവായത്ത് അധികം ആളുകൾക്കും പരിചിതമാണ്. അതാകട്ടെ ദുർബ്ബലവുമാണ്. ഇമാം അൽബാനി رَحِمَهُ ٱللَّهُ പറയുന്നു:

"روى ابن ماجه عن عبد الله بن عمرو بن العاص أن النبي صلى الله عليه وسلم قال: "إن للصائم عند فطره دعوة ماترد" وكان عبد الله إذا أفطر يقول: اللهم إني...".
قلت: سكت عليه فأوهم أنه صحيح وليس كذلك فإن في سنده إسحاق ابن عبيد الله المدني ولا يعرف كما قال المنذري في "الترغيب" ولذلك أشار ابن القيم في "الزاد" إلى تضعيف الحديث وقد خرجته وتكلمت عليه بشيء من التفصيل في "التعليقات الجياد" ثم في "إرواء الغليل" ٩٢١. [تمام المنة]

ഇബ്നു മാജഃ അബ്ദുല്ല ബിൻ അംറ് ബിൻ അൽ ആസ് رَضِيَ ٱللَّهُ عَنْهُ നിന്ന് നിവേദനം. തീർച്ചയായും നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "നിശ്ചയമായും നോമ്പു കാരന് അവൻ നോമ്പു തുറക്കുന്ന നേരത്ത് മടക്കപ്പെടാത്ത ഒരു ദുആയുണ്ട്." അബ്ദുല്ല നോമ്പു തുറക്കുന്ന നേരത്ത് ഇങ്ങനെ പറയാറുണ്ടായി രുന്നു: "അല്ലാഹുവേ നിശ്ചയമായും ഞാൻ..."

ഞാൻ (അൽബാനി) പറയട്ടെ: അദ്ദേഹം (സയ്യിദ് സാബിഖ്) മൗനം പാലിക്കുകയും അത് സ്വഹീഹാണെന്ന് ധരിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ കാര്യം അങ്ങനെയല്ല. അതിന്റെ പരമ്പരയിൽ ഇസ്ഹാഖ് ബിൻ ഉബൈദില്ല അൽ മദനി എന്നയാളുണ്ട്. അയാൾ, മുൻദിരീ തന്റെ "തർഗീബി"ൽ പറഞ്ഞതുപോലെ, അറിയപ്പെടാത്ത വ്യക്തിയാണ്. അതു

കൊണ്ടു തന്നെ ഇബ്നുൽ ഖയ്യിം തന്റെ "സാദി"ൽ ഈ ഹദീസ് ദുർബ്ബലമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആരൊക്കെ ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ടെന്നും അതിന്റെ അവസ്ഥ എന്താണെന്നും അൽപ്പം വിശദമായിത്തന്നെ ഞാൻ 'തഅ്ലീഖാതുൽ ജിയാദി'ലും പിന്നെ 'ഇർവാഉൽ ഗലീലി'ലും (921) വ്യക്തമാക്കിയിട്ടുണ്ട്." [തമാമുൽ മിന്നഃ]

ചുരുക്കത്തിൽ ശൈഖ് ഇബ്നു ബാസ് رَحِمَهُ ٱللَّهُ പറഞ്ഞതുപോലെ, നോമ്പുകാരന് നോമ്പിന്റെ മുഴുവൻ സമയവും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്. എല്ലാ സമയവും അവൻ പ്രാർത്ഥിക്കാൻ പരിശ്രമിക്കണം. അത് ളുഹ്റിന്റെ സമയമാകട്ടെ, അസ്വ്റിന്റെ സമയമാകട്ടെ, നോമ്പു തുറക്കുന്ന സമയമാകട്ടെ, എല്ലാ സമയവും അവൻ പ്രാർത്ഥിക്കണം.

പ്രാർത്ഥനക്ക് ഉത്തരം നൽകാം എന്ന് വാഗ്ദാനം ചെയതപ്പോൾ അടിയരോട് അല്ലാഹു ആവശ്യപ്പെട്ടുന്നത് അവന്റെ വിളിക്ക് ഉത്തരം നൽകാനും അവനിൽ ഈമാൻ ഉൾക്കൊള്ളാനുമാണ്.

﴿فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ﴾ [البقرة ١٨٦]

"അതിനാൽ അവർ എനിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ നേർവഴി പ്രാപിച്ചേക്കും." [ബഖറഃ 186]

നോമ്പുകാരൻ തന്റെ നോമ്പിന്റെ പകലുകളിൽ അത് സാക്ഷാത്കരിക്കുകയാണ്. അല്ലാഹുവിലുള്ള വിശ്വാസത്തോടെയും അവനിൽ നിന്നു

മാത്രം പ്രതിഫലം പ്രതീക്ഷിച്ചും അവന്റെ കൽപ്പനാവിലക്കുകളെ മാനിച്ചും അവന്റെ വിളിക്ക് ഉത്തരം നൽകിയവനാണവൻ.

## ദുആക്ക് ഉത്തരം നൽകപ്പെടുന്ന മറ്റു കാരണങ്ങളിൽ ചിലത്...

നോമ്പുകാരന് നോമ്പിന്റെ പകലുകളിൽ ഉത്തരം എളുപ്പമാകുന്ന മറ്റു അവസരങ്ങൾ കൂടി ലഭിക്കാനുണ്ട്. അതുകൂടി അറിയുന്നത് പ്രകാശത്തിനു മേൽ പ്രകാശം നൽകും.

### ബാങ്ക്, മഴ

നബി ﷺ പറയുന്നു:

ثنتان ما تردان: الدعاء عند النداء وتحت المطر. [صحيح الجامع]

“രണ്ടെണ്ണം തള്ളപ്പെടില്ല: ബാങ്കിന്റെ വേളയിലും, മഴവർഷിക്കുമ്പോളും ചെയ്യുന്ന പ്രാർത്ഥനകൾ.” [സ്വഹീഹുൽ ജാമിഅ്]

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، أَنَّ رَجُلًا قَالَ: يَا رَسُولَ اللَّهِ، إِنَّ الْمُؤَذِّنِينَ يَفْضُلُونَنَا. فَقَالَ رَسُولُ اللَّهِ ﷺ: "قُلْ كَمَا يَقُولُونَ، فَإِذَا انْتَهَيْتَ فَسَلْ تُعْطَهْ." [صحيح الجامع]

അബ്ദുല്ല ബിൻ അംറ് رَضِيَ اللَّهُ عَنْهُ നിവേദനം. ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും മുഅദ്ദിനുകൾ ഞങ്ങളെക്കാൾ മികവ് കരസ്ഥമാ-ക്കുന്നുവല്ലോ. അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

"അവർ പറയുന്നതുപോലെ നീയും പറയുക, അതിൽ നിന്ന് വിരമിച്ചാൽ നീ ചോദിക്കുക നിനക്ക് നൽകപ്പെടും."

## ബാങ്കിനും ഇഖാമത്തിനും ഇടയിൽ

عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللَّهِ ﷺ: "لَا يُرَدُّ الدُّعَاءُ بَيْنَ الْأَذَانِ وَالْإِقَامَةِ."

[رواه أبو داود والترمذي وصححه الألباني]

അനസ് ബിൻ മാലിക് رَضِيَٱللَّهُعَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّىٱللَّهُعَلَيْهِوَسَلَّمَ പറയുന്നു: "ബാങ്കിനും ഇഖാമത്തിനും ഇടയിലുള്ള ദുആ തള്ളപ്പെടില്ല." [അബൂ ദാവൂദും തിർമുദിയും സുനനുകളിൽ ഉദ്ധരിച്ചത്]

ദുആക്ക് ഏറ്റവും ശ്രേഷ്ഠമായ ഈ സമയത്തെക്കുറിച്ച് അധികമാളുകളും അശ്രദ്ധരാണ്. പള്ളിയിൽ നേരത്തെ എത്തി സുന്നത്ത് നമസ്കാരവും നിർവ്വഹിച്ച് ഫർദ് കാത്തിരിക്കുന്ന സമയം അവർ ഖുർആൻ പാരായണം ചെയ്യുന്ന കാഴ്ച വളരെ വ്യാപകമായി കാണാം. ഖുർആൻ പാരായണം നല്ലതുതന്നെ പക്ഷെ, ഈ സമയത്ത് അതിനെക്കാൾ ശ്രേഷ്ഠം ദുആയാണ്. മുകളിൽ ഉദ്ധരിച്ച ഹദീസ് വിശദീകരിച്ചു കൊണ്ട് അല്ലാമാ സ്വാലിഹ് അൽ ഫൗസാൻ حفظه الله പറയുന്നു:

كثير من الناس يهملون الدعاء بين الأذان والإقامة ويشتغلون بتلاوة القرآن، تلاوة القرآن لا شك أنها عمل جليل، ولكن تلاوة القرآن لها وقت آخر، كونك تستغل هذا الوقت بالدعاء والذكر أفضل، لأن الدعاء المقيد في وقته أفضل من الدعاء المطلق، تلاوة القرآن

مطلقة في كل وقت، وهذا الوقت مخصص للدعاء، فكونك تشتغل بالدعاء والذكر والاستغفار أفضل من تلاوة القرآن في هذا الوقت، هذا ينبغي أن يفطن له.

[رواه البخاري في الأدب المفرد وصححه الألباني]

“അധികം ആളുകളും ബാങ്കിനും ഇഖാമത്തിനും ഇടയിലുള്ള ദുആ അവഗണിക്കുകയും ഖുർആൻ പാരായണത്തിൽ മുഴുകുകയും ചെയ്യാറുണ്ട്. യാതൊരു സംശയവുമില്ല, ഖുർആൻ പാരായണം വളരെ മഹ ത്തായ ഒരു കർമ്മം തന്നെയാണ്. പക്ഷെ ഖുർആൻ പാരായണത്തിന് മറ്റു സമയങ്ങളുണ്ട്. ഈ സമയം നീ ദുആകൊണ്ടും  ദിക്റുകൊണ്ടും പ്രയോ-ജനപ്പെടുത്തലാണ് ഏറ്റവും ഉത്തമം. കാരണം സമയം നിർണയിക്കപ്പെട്ട ദുആ അതിന്റെ സമയത്ത് ചെയ്യലാണ് നിരുപാധികമായ ദുആയെക്കാ-ൾ ഉത്തമം. ഖുർആൻ പാരായണം ഏതു സമയത്തും നിർവ്വഹിക്കാവുന്നതാണ്. ഈ സമയമാകട്ടെ ദുആക്ക് വിശേഷപ്പെട്ടതുമാണ്.

ഈ സമയം നീ ദുആയിലും ദിക്റിലും ഇസ്തിഗ്ഫാറിലും മുഴുകലാണ് ഖുർആൻ പാരായണം ചെയ്യുന്നതിനെക്കാൾ ഏറ്റവും ഉത്തമം. ഈ കാര്യം മനസ്സിലാക്കിയിരിക്കൽ അനിവാര്യമാണ്.“

[തസ്ഹീലുൽ ഇൽമാം ബിഫിഖ്ഹിൽ അഹാദീസ് മിൻ ബുലൂഗിൽ മറാം]

## രാത്രിയുടെ അന്ത്യയാമം, നിർബന്ധ നമസ്കാരങ്ങളുടെ അവസാനം

وَعَنْ أَبِي أُمَامَةَ قَالَ: قِيلَ: يَا رَسُولَ اللَّهِ أَيُّ الدُّعَاءِ أَسْمَعُ؟ قَالَ: «جَوْفُ اللَّيْلِ الآخر ودبر الصَّلَوَات المكتوبات». [رَوَاهُ التِّرْمِذِيّ وحسنه الألباني]

അബൂ ഉമാമഃ رَضِيَ ٱللَّهُ عَنْهُ പറയുന്നു: അല്ലാഹുവിന്റെ റസൂലേ, ഏത് ദുആയാണ് ഏറ്റവും സ്വീകാര്യമായത്? എന്ന് ചോദിക്കപ്പെട്ടു. അവിടുന്ന് പ്രതിവചിച്ചു: "രാത്രിയുടെ അന്ത്യയാമവും നിർബന്ധ നമസ്കാരങ്ങളുടെ അവസാന ഭാഗവും." [തിർമുദി സുനനിൽ ഉദ്ധരിച്ചത്]

'നിർബന്ധ നമസ്കാരങ്ങളുടെ അവസാനഭാഗം' എന്ന് വിവർത്തനം ചെയ്തു ത് ഹദീസിൽ വന്ന 'ദുബുർ' ( دبر ) എന്ന വാക്കാണ്. നമസ്കാരത്തിനു ശേഷം എന്ന് ചിലർ അതിന് അർത്ഥം പറയാറുണ്ട്. എന്നാൽ നമസ്കാരത്തിൽ തശഹ്ഹുദിന്റെ അവസാനത്തിലാണ് അതിന്റെ സ്ഥാനമെന്നാണ് പ്രഗത്ഭരായ പണ്ഡിതന്മാർ നൽകിയ പ്രബലമായ അർത്ഥം. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ رَحِمَهُ ٱللَّهُ പറയുന്നു:

دُبُرُ كُلِّ شَيْءٍ مِنْهُ، كَدُبُرِ الْحَيَوَانِ. [زاد المعاد]

"എല്ലാ വസ്തുവിന്റെയും 'ദുബുർ' അതിന്റെ തന്നെ ഭാഗമാണ്. മൃഗത്തിന്റെ ദുബുർ (പിൻഭാഗം) എന്നതുപോലെ." [സാദുൽ മആദ്]

## സുജൂദ്: അടിയൻ റബ്ബുമായി ഏറ്റവും അടുത്ത്

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: «أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ ساجد فَأَكْثِرُوا الدُّعَاءَ» [رَوَاهُ مُسلم]

അബൂ ഹുറെയ്റഃ رَضِيَٱللَّهُعَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّىٱللَّهُعَلَيْهِوَسَلَّمَ പറയുന്നു: "ഒരു അടിയൻ അവന്റെ റബ്ബുമായി ഏറ്റവും അടുത്താകുന്നത് അവൻ സുജൂദി ലായിരിക്കുമ്പോളാണ്, അതിനാൽ നിങ്ങൾ ദുആ വർദ്ധിപ്പിക്കുവീൻ." [മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

അല്ലാഹുവിന്റെ റസൂൽ صَلَّىٱللَّهُعَلَيْهِوَسَلَّمَ പറയുന്നു:

وَأَمَّا السُّجُودُ فَاجْتَهِدُوا فِي الدُّعَاءِ، فَقَمِنٌ أَنْ يُسْتَجَابَ لَكُمْ. [رواه مسلم عن ابن عباس]

"എന്നാൽ സുജൂദ്; ദുആയിൽ നിങ്ങൾ പരമാവധി പരിശ്രമിക്കുവീൻ. നിങ്ങൾക്ക് ഉത്തരം ലഭിക്കാൻ ഏറെ തരപ്പെട്ടതാണ്."

[മുസ്‌ലിം ഇബ്നു അബ്ബാസ് رَضِيَٱللَّهُعَنْهُمَا ൽ നിന്ന് നിവേദനം ചെയ്തത്]

## വെള്ളിയാഴ്ചയിലെ യാമം

وَعَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ:

"إِنَّ فِي الْجُمُعَةِ لَسَاعَةً لَا يُوَافِقُهَا عَبْدٌ مُسْلِمٌ يَسْأَلُ اللَّهَ فِيهَا خَيْرًا إِلَّا أَعْطَاهُ إِيَّاهُ". [متفق عليه]

അബൂ ഹുറെയ്റഃ رَضِيَٱللَّهُعَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّىٱللَّهُعَلَيْهِوَسَلَّمَ പറയുന്നു: "നിശ്ചയമായും വെള്ളിയാഴ്ചയിൽ ഒരു യാമമുണ്ട്, മുസ്‌ലിമായ ഒരു അടിയൻ അല്ലാഹുവിനോട് ഒരു നന്മ ചോദിക്കുന്ന നിലയിൽ അതുമായി സന്ധിക്കുകയില്ല; ചോദിച്ചത് അല്ലാഹു അവന് നൽകിയിട്ടല്ലാതെ." [ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് ഉദ്ധരിച്ചത്]

عَنْ عَبْدِ اللَّهِ بْنِ سَلَامٍ، قَالَ: قُلْتُ وَرَسُولُ اللَّهِ ﷺ جَالِسٌ: إِنَّا لَنَجِدُ فِي كِتَابِ اللَّهِ: فِي يَوْمِ الْجُمُعَةِ سَاعَةً، لَا يُوَافِقُهَا عَبْدٌ مُؤْمِنٌ يُصَلِّي يَسْأَلُ اللَّهَ فِيهَا شَيْئًا إِلَّا قَضَى لَهُ حَاجَتَهُ. قَالَ عَبْدُ اللَّهِ: فَأَشَارَ إِلَيَّ رَسُولُ اللَّهِ ﷺ: "أَوْ بَعْضُ سَاعَةٍ". فَقُلْتُ: صَدَقْتَ أَوْ بَعْضُ سَاعَةٍ. قُلْتُ: أَيُّ سَاعَةٍ هِيَ؟ قَالَ: "هِيَ آخِرُ سَاعَاتِ النَّهَارِ". قُلْتُ: إِنَّهَا لَيْسَتْ سَاعَةَ صَلَاةٍ. قَالَ: "بَلَى، إِنَّ الْعَبْدَ الْمُؤْمِنَ إِذَا صَلَّى، ثُمَّ جَلَسَ لَا يَحْبِسُهُ إِلَّا الصَّلَاةُ فَهُوَ فِي الصَّلَاةِ". [صحيح الجامع]

അബ്ദുല്ല ബിൻ സലാം رَضِيَ اللَّهُ عَنْهُ പറയുന്നു: ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ ﷺ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (തൗറാത്തിൽ) ഞങ്ങൾ കാണുന്നു: വെള്ളിയാഴ്ചയിൽ ഒരു യാമമുണ്ട്, സത്യവിശ്വാസിയായ ഒരു അടിയൻ നമസ്കാരത്തിലായിരിക്കെ, അല്ലാഹുവിനോട് ഒരു നന്മ ചോദിക്കുന്ന നിലയിൽ അതുമായി സന്ധിക്കുകയില്ല; അവന്റെ ആവശ്യം അല്ലാഹു നിറവേറ്റിക്കൊടുത്തിട്ടല്ലാതെ. അബ്ദുല്ല പറയുന്നു: അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ കൈകൊണ്ട് ആംഗ്യം കാണിച്ച് എന്നോട് പറഞ്ഞു: “അല്ലെങ്കിൽ യാമത്തിൽ നിന്ന് അൽപ്പം.” ഞാൻ പറഞ്ഞു: താങ്കൾ പറഞ്ഞത് സത്യമാണ്, യാമത്തിൽ നിന്ന് അൽപ്പം. ഞാൻ ചോദിച്ചു: ഏത് യാമമാണത്? അവിടുന്ന് പ്രതിവചിച്ചു: “അത് പകലിന്റെ അവസാന യാമമാണ്.” ഞാൻ പറഞ്ഞു: അത് നമസ്കാരത്തിന്റെ സമയമല്ലല്ലോ. അവിടുന്ന് പറഞ്ഞു: "അങ്ങനെയല്ല, സത്യവിശ്വാസിയായ ഒരു അടിയൻ നമസ്കരിക്കുന്നു, എന്നിട്ട് ഇരിക്കുന്നു, നമസ്കാരമല്ലാതെ മറ്റൊന്നുമല്ല അവനെ അവിടെ തടഞ്ഞുവെച്ചിരിക്കുന്നത്, എങ്കിൽ അവൻ നമസ്കാരത്തിൽ തന്നെയാണ്.“

[ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്]

## അസുലഭാവസരം എന്തു ചെയ്തു?

അല്ലാഹുവിന്റെ അതിമഹത്തായ ഔദാര്യത്താൽ നോമ്പുകാരായി ആയുസ്സ് ലഭിച്ച കഴിഞ്ഞ പകലുകളിൽ ഈ അസുലഭാവസരങ്ങൾ നമ്മൾ വിനിയോഗിച്ചതെങ്ങനെ? ഇബ്നു തൈമിയ്യ رَحِمَهُ ٱللَّهُ പറയുന്നു:

فإذا أراد الله بعبد خيرًا ألهمه دعاءه والاستعانة به، وجعل استعانته ودعاءه سببًا للخير الذي قضاه له، كما قال عمر بن الخطاب رضي الله عنه: "إني لا أحمل هم الإجابة، وإنما أحمل هم الدعاء، فإذا ألهمت الدعاء فإن الإجابة معه". [صحيح]

“അല്ലാഹു ഒരു അടിയന് നന്മ ഉദ്ദേശിച്ചാൽ അവനോട് ദുആ ചെയ്യാനും സഹായമർത്ഥിക്കാനും അവന് ബോധനം നൽകും. അവന്റെ ദുആയും സഹായർത്ഥനയും അവനു വിധിച്ചിട്ടുള്ള നന്മക്കുള്ള കാരണമാക്കുകയും ചെയ്യും. ഉമർ ബിൻ അൽ ഖത്വാബ് رَضِيَ ٱللَّهُ عَنْهُ പറയാറുള്ളതു പോലെ: “ഉത്തരം ലഭിക്കുമോ എന്ന ആകുലത ഞാൻ പേറാറില്ല, ദുആയുടെ ആകുലത മാത്രമേ ഞാൻ പേറാറുള്ളൂ. ദുആചെയ്യാനുള്ള ബോധന മെനിക്കു ലഭിച്ചാൽ ഉത്തരം അതിനൊപ്പം തന്നെയുണ്ട്.”

[ഇഖ്തിളാഉ സ്സ്വിറാത്വിൽ മുസ്തഖീം]

അല്ലാഹു കൽപ്പിച്ച പ്രകാരം, അവന്റെ റസൂൽ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ കാണിച്ചുതന്ന മാതൃകയനുസരിച്ച് അവനോട് ചോദിക്കുന്നതിനെല്ലാം ഉത്തരം ലഭിക്കു-മെന്നുറപ്പാണ്. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നത് ശ്രദ്ധിക്കുക:

عن أَبِي سَعِيدٍ الْخُدْرِيِّ، عَنِ النَّبِيِّ ﷺ: " مَا مِنْ مُسْلِمٍ يَدْعُو ، لَيْسَ بِإِثْمٍ وَلَا بِقَطِيعَةِ رَحِمٍ ، إِلَّا أَعْطَاهُ إِحْدَى ثَلَاثٍ : إِمَّا أَنْ يُعَجِّلَ لَهُ دَعْوَتَهُ ، وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الْآخِرَةِ ، وَإِمَّا أَنْ يَدْفَعَ عَنْهُ مِنَ السُّوءِ مِثْلَهَا " ، قَالَ : إِذًا نُكْثِرُ ، قَالَ : " اللَّهُ أَكْثَرُ " .

[رواه البخاري في الأدب المفرد وصححه الألباني]

അബൂ സഈദ് അൽ ഖുദ്‌രി رَضِيَ ٱللَّٰهُ عَنْهُ നിവേദനം. നബി صَلَّىٰ ٱللَّٰهُ عَلَيْهِ وَسَلَّمَ പറയുന്നു: "ഏതൊരു മുസ്‌ലിം പ്രാർത്ഥിക്കുന്നുവോ, ഒരു പാപത്തിനോ ബന്ധവിഛേദനത്തിനോ വേണ്ടിയല്ല, എങ്കിൽ അല്ലാഹു അവന് മൂന്നാൽ ഒന്ന് നൽകാതിരിക്കില്ല: ഒന്നുകിൽ അവൻ തേടിയത് ദുനിയാവിൽ തന്നെ വേഗത്തിൽ നൽകും, അല്ലെങ്കിൽ അത് അവന് പരലോകത്തേക്കൊരു സൂക്ഷിപ്പായി കരുതിവെക്കും, അതുമല്ലെങ്കിൽ തത്തുല്യമായ ഒരു ദോഷം അവനിൽ നിന്നു തട്ടിത്തുകൊടുക്കും." അബൂ സഈദ് رَضِيَ ٱللَّٰهُ عَنْهُ പറഞ്ഞു: അങ്ങനെയെങ്കിൽ ഞങ്ങൾ അധികരിപ്പി- ക്കുക തന്നെ ചെയ്യും. അവിടുന്ന് പറഞ്ഞു: "അല്ലാഹു അതിനെക്കാൾ അധികം നിങ്ങൾക്കുത്തരം നൽകുന്നവനാണ്."

[ബുഖാരി അദബുൽ മുഫ്‌റദിൽ ഉദ്ധരിച്ചത്]

ഇഖ്‌ലാസോടെ ഒരു മുസ്‌ലിം ദുആ ചെയ്താൽ അല്ലാഹു ഉത്തരം നൽകും, ഉറപ്പാണ്. തന്നിലേക്ക് നീട്ടിയ കരങ്ങൾ ശൂന്യമായി മടക്കുന്നതിൽ ലജ്ജി ക്കുന്നവനാണ് അത്യുദാരനായ അല്ലാഹു.

عَنْ سَلْمَانَ الْفَارِسِيِّ، عَنِ النَّبِيِّ ﷺ قَالَ : " إِنَّ اللَّهَ حَيِيٌّ كَرِيمٌ يَسْتَحْيِي إِذَا رَفَعَ الرَّجُلُ إِلَيْهِ يَدَيْهِ أَنْ يَرُدَّهُمَا صِفْرًا خَائِبَتَيْنِ " . [رواه الترمذي وصححه الألباني]

സൽമാൻ അൽ ഫാരിസി رَضِيَ ٱللَّهُ عَنْهُ നിവേദനം. നബി صَلَّىٰ ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "നിശ്ചയമായും അല്ലാഹു അങ്ങേയറ്റം ലജ്ജയുള്ളവനും ഉദാരനുമാണ്. ഒരു മനുഷ്യൻ അവനിലേക്ക് കൈ ഉയർത്തിയാൽ അവനെ വെറും കൈയോടെ നിരാശനായി മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു." [തിർമുദി സുനനിൽ ഉദ്ധരിച്ചത്]

എത്രയെത്ര റമദാനുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് ലഭിച്ചു. നോമ്പുകാരനായിരിക്കാൻ അല്ലാഹു ഉതവി നൽകിയ പകലുകളിൽ ഈ അസുലഭ സൗഭാഗ്യം നാം എത്ര വിനിയോഗിച്ചു? എത്ര നമുക്ക് ദുആ ചെയ്യാൻ കഴിഞ്ഞു?! നമ്മുടെ കർമ്മങ്ങൾ നാം തന്നെ ഒന്ന് ആത്മപരി ശോധന നടത്തുക. സൽകർമ്മങ്ങളാണ് നമുക്കുള്ള നന്മകൾ. അത് അല്ലാഹുവിന്റെ അനുഗ്രഹം. ഖുദ്സിയ്യായ ഹദീസിൽ അല്ലാഹു പറയുന്നു:

فَمَنْ وَجَدَ خَيْرًا فَلْيَحْمَدِ اللَّهَ، وَمَنْ وَجَدَ غَيْرَ ذَلِكَ فَلَا يَلُومَنَّ إِلَّا نَفْسَهُ [رواه مسلم]

"ആർ നന്മ കാണുന്നുവോ അവൻ അല്ലാഹുവിനെ സ്തുതിക്കട്ടെ, ആർ മറ്റൊരവസ്ഥ കാണുന്നുവോ അവൻ സ്വയമല്ലാതെ ആക്ഷേപിക്കാതിരിക്കട്ടെ." [മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

അല്ലാഹുവിന്റെ റസൂൽ صَلَّىٰ ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു:

وإنما الأعمال بخواتيمها [رواه البخاري]

“കർമ്മങ്ങൾ വിലയിരുത്തപ്പെടുക അവയുടെ പര്യവസാനം പരിഗണിച്ചു കൊണ്ടു മാത്രമാണ്.” [ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്]

അല്ലാഹു സഹായിക്കട്ടെ.

وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين،
والحمد لله رب العالمين.

. . . . .

**അബൂ തൈമിയ്യ ഹനീഫ് ബാവ**
15 റമദാൻ 1445 / 25 March 2024

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ചു മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com